I/64607/2024

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ : DTETVM/129/2024-L3 (PLA) തീയതി: 02-02-2024

**സർക്കുലർ**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസവകുപ്പ് - ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ '2024-2025" വർഷത്തേയ്ക്കുള്ള അംഗീകാര പ്രക്രിയയ്ക്കായുള്ള പൊതു അറിയിപ്പ് പ്രകാരം സംസ്ഥാനത്തെ സർക്കാർ/ എയിഡഡ്/ സ്വകാര്യസ്വാശ്രയ കോളേജുകൾ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ '2024-2025" അധ്യയന വർഷത്തെ അംഗീകാര പ്രക്രിയയ്ക്കായി പുറപ്പെടുവിച്ച പൊതു അറിയിപ്പ്.
2. 12.01.2024 -ലെ ഈ കാര്യാലയത്തിലെ സർക്കുലർ നമ്പർ L3/996/24/DTE.
3. 27.10.2019 -ലെ സർക്കാർ ഉത്തരവ് നമ്പർ GO.(Ms)No.360/2019/HEDN.

മേൽ സൂചന (1) പ്രകാരം AICTE -ക്ക് കീഴിൽ സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ/ എയിഡഡ്/ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ B.Tech/ M.Tech/ MBA/ MCA, BBA, BCA, BMS, BHMCT തുടങ്ങിയ കോഴ്സുകൾക്ക് 2024-2025 വർഷത്തേക്കുള്ള അംഗീകാരം വിപുലീകരിക്കുന്നത് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി AICTE അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

മേൽ വിജ്ഞാപനപ്രകാരം ഈ കാര്യാലയത്തിൽ രേഖകൾ സമർപ്പിക്കുന്നതിന് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

സൂചന (3) പ്രകാരമുള്ള AICTE വിജ്ഞാപനത്തിൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 07.02.2024 -ഉം ഫൈനോട് കൂടി 14.02.2024 നല്കിയിരിക്കുന്ന സാഹചര്യത്തിൽ സൂചന (2) സർക്കുലർ പ്രകാരമുള്ള അപേക്ഷകൾ ഈ കാര്യാലയത്തിൽ 20.02.2024 നകം സമർപ്പിക്കുന്നതിന് അറിയിക്കുന്നു.

പ്രസ്തുത വിജ്ഞാപനപ്രകാരം സംസ്ഥാനത്തെ സർക്കാർ/ എയിഡഡ്/ സ്വകാര്യസ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെ B.Tech/ M.Tech/ MBA/ MCA, BHMCT, B.Arch, M.Arch തുടങ്ങിയ കോഴ്സുകൾക്ക് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ട രേഖകളും സൂചന (3) പ്രകാരമുള്ള പ്രോസസ്സിംഗ് ഫീസ് തുകയും ചുവടെ ചേർക്കുന്നു.

**<u>I. 2024-2025 അധ്യയന വർഷത്തിൽ AICTE Approval hand Book -ലെ Chapter II പ്രകാരമുള്ള 1 മുതൽ 17 വരെയുള്ള ആവശ്യങ്ങൾക്കായി സ്ഥാപനങ്ങൾ സമർപ്പിക്കേണ്ട രേഖകൾ</u>** (ഓരോ ആവശ്യത്തിനും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്)

1. സത്യവാങ്മൂലം 1,2 (നോട്ടറി സാക്ഷ്യപ്പെടുത്തിയത്)
2.ലെറ്റർ ഓഫ് അണ്ടർടേക്കിംഗ് (നോട്ടറി സാക്ഷ്യപ്പെടുത്തിയത്)
3. സർവകലാശാല അഫിലിയേഷൻ ഉത്തരവ് (2024-2025)
4.സർവകലാശാലയിൽ നിന്നും പ്രസ്തുത കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിരാക്ഷേപസാക്ഷ്യപത്രം (NOC)
5. AICTE അംഗീകാരം (2024-2025)
6. ട്രസ്റ്റിൻറെ പ്രമേയം

I/64607/2024

7. പ്രോസസ്സിംഗ് ഫീസ് : 31,500/-
8. സത്യവാങ്മൂലം 3 (പുതിയ കോഴ്സ് ആരംഭിക്കുന്നതിന് മാത്രം)

NB: പുതിയ കോഴ്സ് ആരംഭിക്കുന്ന സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും ഭരണാനുമതി വാങ്ങിയതിന് ശേഷം മാത്രം പ്രസ്തുത രേഖകൾ സമർപ്പിച്ചാൽ മതിയാകും.

Rajasree MS
DIRECTOR

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവിമാർക്കും.

ഓഫീസ് പകർപ്പ്

**Approval Valid**

Digitally Approved By
.Rajasree MS.......................................
Date: 02-02-2024
Reason: Approved

Signed by
Rajasree Ms
Date: 02-02-2024 17:12:23